കോ–ഓർഡിനേഷൻ കമ്മിറ്റി

# കേരള ഗ്രാമീണ ബാങ്ക് എംപ്ലോയീസ് യൂണിയൻ & കേരള ഗ്രാമീണ ബാങ്ക് ഓഫീസേഴ്സ് യൂണിയൻ

(Affiliated to AIRRBEA & BEFI)

സെൻട്രൽ ഓഫീസ്: ദിലീപ് മുഖർജി ഭവൻ, റിംഗ് റോഡ്, അപ്ഹിൽ, മലപ്പുറം 676 505

Email: kgbeumpm@gmail.com, visit:www.kgbeuou.com

സർക്കുലർ നമ്പർ 1/2025

03.02.2025

## AIRRBEA 15–ാമത് സമ്മേളനം ഫെബ്രുവരി 8, 9 – ബെല്ലാരിയിൽ

ആൾ ഇന്ത്യ റീജിയണൽ റൂറൽ ബാങ്ക് എംപ്ലോയീസ് അസോസിയേഷന്റെ (AIRRBEA) പതിനഞ്ചാമത് സമ്മേളനം കർണാടകയിലെ ബെല്ലാരിയിൽ നടക്കുകയാണ്. 2025 ഫെബ്രുവരി 8,9 തീയ്യതികളിലാണ് സമ്മേളനം. റിട്ടയേർഡ് സുപ്രീം കോടതി ജഡ്ജ് ശ്രീ. ഗോപാൽ ഗൗഡ സമ്മേളനം ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിന്റെ ഭാഗമായ വനിതാ സമ്മേളനം ആൾ ഇന്ത്യ ഡെമോക്രാറ്റിക് വിമൻസ് അസോസിയേഷൻ ജനറൽ സെക്രട്ടറി സ. മറിയം ധാവളെ ഉദ്ഘാടനം ചെയ്യും.

ഗ്രാമീണ ബാങ്കുകൾ അതിന്റെ പ്രവർത്തനത്തിന്റെ അമ്പതാം വർഷത്തിലേക്ക് കടക്കുന്ന അവസരത്തിലാണ്, ജീവനക്കാരുടെ അവകാശങ്ങളിൽ മാത്രം ഒതുങ്ങാതെ, സാധാരണക്കാരുടെ ബാങ്കിംഗ് സൗകര്യത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട സംവിധാനമായ ഗ്രാമീണ ബാങ്കുകളെ ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കാൻ ഉതകുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുകയും അതിനായി വലിയ നിലയിലുള്ള ക്യാമ്പയിനുകൾ ഏറ്റെടുക്കുകയും ചെയ്യുന്ന AIRRBEA യുടെ സമ്മേളനം നടക്കുന്നത്. 1980 ൽ AIRRBEA യുടെ ഒന്നാം സമ്മേളനം കണ്ണൂരിൽ ചേർന്നപ്പോൾ പ്രധാനമായും രണ്ട് ഡിമാന്റുകളാണ് നാം മുന്നോട്ടു വച്ചത്. ഒന്ന് തുല്യ ജോലിക്ക് തുല്യ വേതനം, രണ്ട് നാഷണൽ റൂറൽ ബാങ്ക് ഓഫ് ഇന്ത്യ രൂപീകരിക്കുക.

വേതന തുല്യത ഏകദേശം പൂർണ അർത്ഥത്തിൽ നാം നേടിയെടുത്തു കഴിഞ്ഞു. വലിയ പോരാട്ടത്തിനൊടുവിലാണ് ഇത്തവണത്തെ ഉഭയകക്ഷി കരാർ പൂർണ അർത്ഥത്തിൽ നടപ്പിലാക്കാൻ നമുക്ക് കഴി ഞ്ഞത്. പെൻഷൻ നാം പൊരുതി നേടിയപ്പോൾ 2018 ന് മുമ്പ് വിരമിച്ചവർക്ക് ലഭിക്കാനുണ്ടായിരുന്ന കുടിശ്ശിക ഉൾപ്പെടെയുള്ള പെൻഷനും പൂർണ്ണമായും നേടിയെടുത്തു. ബാങ്കിംഗ് ട്രേഡ് യൂണിയൻ ചരിത്രത്തിലെ ഏറ്റവും വലിയ കാലഘട്ടത്തിലെ ശമ്പള കുടിശ്ശിക (മുപ്പത്തി ഒന്ന് വർഷത്തേത്) കംപ്യൂട്ടർ ഇൻക്രിമെന്റ് വിഷയത്തിൽ നേടിയെടുക്കാൻ കഴിഞ്ഞതും ഈ കാലഘട്ടത്തിലാണ്. നിലപാടുകളിൽ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടത്തിന്റെ ഫലമായാണ് ഈ നേട്ടങ്ങൾ കൈവരിക്കാനായത്.

നമുക്ക് മുന്നിലുള്ള വെല്ലുവിളികൾ സമ്മേളനം സഗൗരവം ചർച്ച ചെയ്യും. ഗ്രാമീണ ബാങ്കുകൾ ഉൾപ്പെടെയുള്ള ബാങ്കുകളുടെ സ്വകാര്യവത്കരണം നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണ്. മുഴുവൻ ജനതയെയും അണിനിരത്തിക്കൊണ്ടുള്ള പ്രതിരോധത്തിലൂടെ മാത്രമേ ഈ വെല്ലുവിളി നമുക്ക് അതിജീവിക്കാൻ കഴിയൂ.

2010 മുതൽ ബാങ്കുകളിൽ നടപ്പാക്കുന്നത് NPS ആണ്. യഥാർത്ഥത്തിൽ അത് No Pension Scheme ആണ്. അതുകൊണ്ടുതന്നെ Old Pension Scheme ലേക്ക് തിരിച്ചു പോകണം എന്ന് നാം ആവശ്യപ്പെടുന്നു. ഇതിനായുള്ള നിയമപോരാട്ടത്തിന് AIRRBEA ഏൽപ്പിച്ചതും നമ്മുടെ യൂണിറ്റിനെ ആണ് എന്നത് നമ്മുടെ യൂണിറ്റിന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു.

മറ്റ് ബാങ്കുകളിൽ നിലനിൽക്കുന്ന പ്രമോഷൻ റൂൾസ് ഗ്രാമീണ ബാങ്കിൽ ബാധകമാക്കുന്നതിന് ഇതുവരെയും ഗവൺമെന്റ് തയ്യാറായിട്ടില്ല. ഇക്കാര്യങ്ങളിലെല്ലാം ഭാവിയിൽ ഏറ്റെടുക്കേണ്ട പ്രക്ഷോഭ പരിപാടികൾ സമ്മേളനം ചർച്ച ചെയ്യും.

നമ്മുടെ യൂണിറ്റിനെ പ്രതിനിധീകരിച്ച് 30 സഖാക്കൾ സമ്മേളനത്തിൽ പങ്കെടുക്കും. അതിൽ 11 സഖാക്കൾ വനിതകളാണ്. കേരള ഗ്രാമീണ ബാങ്ക് റിട്ടയറീസ് ഫോറത്തിന്റെ 13 പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും.

AIRRBEA, അതിന്റെ കീഴ്ഘടകങ്ങളായ NFRRBE, NFRRBO, NFRRRBS എന്നിവയുടെ പുതിയ കമ്മിറ്റിയെയും ഭാരവാഹികളെയും തെരഞ്ഞെടുത്തുകൊണ്ട് ഫെബ്രുവരി 9ന് സമ്മേളനം സമാപിക്കും.

**അഭിവാദനങ്ങളോടെ**

**ബിഗേഷ് ഉണ്ണിയൻ**
ജനറൽ സെക്രട്ടറി
KGBEU, 98957 10203

**രാജേഷ് പി.**
ജനറൽ സെക്രട്ടറി
KGBOU, 98474 07673

karine29.deviantart